ഡി. ഇ. ഒ. മാരുടെ ആഫീസു്

*. 272. [11] ശ്രീമതി കുസുമം : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡി. ഇ. ഒ. മാരുടെ ആഫീസു് ഒരു റവന്യൂ ഡിസ്ട്രിക്റ്റിനു് ഒന്നു് എന്ന നിലയിൽ ചുരുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഒരോ എഡ്യുക്കേഷനൽ ഡിസ്ട്രിക്റ്റിലും വരുന്ന വിദ്യാലയങ്ങളുടെ എണ്ണം ഏകദേശം തുല്യമായിരിക്കുവാൻ ശ്രദ്ധിക്കുമോ ;

(സി) ഡി. ഇ. ഒ. മാക്കു് കൂടുതൽ അധികാരങ്ങൾ നൽകി കഴിവതും വേഗം ജോലികൾ പൂർത്തിയാക്കുവാൻ ശ്രദ്ധിക്കുമോ ;

(ഡി) 1963 ഡിസംബർവരെ ഓരോ ഡി. ഇ. ഒ. യുടെ ആഫീസിലും എത്ര നിയമനങ്ങൾക്കു് അംഗീകാരം നൽകുന്നുണ്ടു് ;

(ഇ) എത്ര അദ്ധ്യാപകരുടെ ഇൻക്രിമെന്റു് അനുവദിക്കാതെയുണ്ടു് ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ, ബി, സി) ഇതു സംബന്ധിച്ചു എല്ലാകാര്യങ്ങളും പരിശോധിച്ചു ഗവണ്മെൻറിലേയ്ക്കു് വേണ്ട ശുപാർശകളും സമർപ്പിക്കുന്നതിലേയ്ക്കായി ഒരു സ്പെഷ്യൽ ആഫീസറെ നിയമിച്ചിട്ടുണ്ടു്. അദ്ദേഹത്തിൽ നിന്നും റിപ്പോർട്ടു ആവശ്യപ്പെട്ടിട്ടുണ്ടു്.

(ഡി, ഇ) വിവരങ്ങൾ ശേഖരിച്ചുവരുന്നു.

ശ്രീമതി ഓ. ടി. ശാരദാകൃഷ്ണൻ : എ. ഇ.ഒ, ഡി. ഇ. ഒ, റീജിയണൽ ഡെപ്യൂട്ടി ഡയറക്റ്റർ ഇവരുടെ അധികാരവും ചുമതലയും വ്യക്തമായി നിശ്ചയിക്കാത്തതു കാരണം ഒന്നുംതന്നെ സാധിക്കാത്ത ഗതികേടാണു് ഇന്നു നിലവിലുള്ളതു്. അദ്ധ്യാപകരുടെ ഇടയിൽ തന്നിമിത്തമുള്ള നിരാശയും, അവരുടെ കാര്യങ്ങൾക്കു് വരുന്ന കാലതാമസവും കണക്കിലെടുത്തുകൊണ്ടു് ഇവർ ഓരോരുത്തരുടേയും അധികാരപരിധി ഇന്നതാണെന്നു നിജപ്പെടുത്തുവാൻ ദയവുണ്ടാകുമോ ?

ശ്രീ. ആർ. ശങ്കർ : ഈ പറഞ്ഞ കാര്യങ്ങൾ ശരിയല്ല. അവരുടെ അധികാരപരിധി നേരത്തെതന്നെ നിശ്ചയിച്ചിട്ടുള്ളതാണു്. അവർ തമ്മിൽ ചില കാൺഫ്യൂഷൻസു് ഉണ്ടായിരിക്കാം എന്നേയുള്ളൂ.

ശ്രീ. ടി. സി. നാരായണൻനമ്പ്യാർ : അഞ്ചാറുകൊല്ലം ഇൻക്രിമെൻറു അനുവദിക്കാതിരിക്കുക, ഹെഡ്മാസ്റ്റർ ശുപാർശ ചെയ്തിരുന്നാലും ഡി. ഇ. ഒ. അക്കാര്യത്തിൽ അമാന്തം കാണിക്കുക ഈ വകസംഗതികൾ കണക്കിലെടുത്തുകൊണ്ടു് കുറച്ചു കാലത്തിനുള്ളിൽ സാങ്ഷൻ നൽകണമെന്നു ഗവണ്മെൻറു ഡി. ഇ. ഒ മാക്കു നിർദ്ദേശം നൽകുവാൻ ദയവുണ്ടാകുമോ ?

ശ്രീ. ആർ. ശങ്കർ : യഥാർത്ഥത്തിൽ ഇപ്പോഴെ നിർദ്ദേശം നൽകിയിട്ടുണ്ടു്. എന്നാൽ അവർ പറയുന്നതു് ജോലിക്കൂടുതൽ കൊണ്ടു് എല്ലാം സമയത്തിനു ചെയ്യാൻ സാധിക്കുന്നില്ല എന്നാണു്. കൂടുതൽ അധികാരങ്ങൾ കൊടുത്തുകൊണ്ടും കുറച്ചുകൂടി റീ ഓർഗനൈസേഷനുള്ള സെറ്റപ്പു് വരുത്തിയും ഇതു പരിഹരിക്കാം എന്നു വിചാരിക്കുകയാണു്.

ശ്രീ. ഇ. പി. ഗോപാലൻ : ഇൻക്രിമെൻറു് തക്കസമയത്തു സാങ്ഷൻ ചെയ്യുക, സ്ഥിരപ്പെടുത്തുക തുടങ്ങിയ സാധാരണ കാര്യങ്ങൾക്കുപോലും അമാന്തം വരുത്തിയിട്ടുള്ളതു യഥാസമയം പരിഹരിച്ചുകിട്ടാൻ സ്പെഷ്യൽ ആഫീസറെ നിയമിച്ചിട്ടുണ്ടോ ? സാധാരണ ദൈനംദിന കാര്യങ്ങൾപോലും ഭംഗിയായി നടപ്പാക്കുന്നതിനു ഒരു സ്പെഷ്യൽ ആഫീസറുടെ റിപ്പോർട്ടു കിട്ടണമെന്നാണോ ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ നിന്നും മനസ്സിലാക്കേണ്ടതു് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ശങ്കർ : ആ റിപ്പോർട്ട് കിട്ടുന്നതുവരെ ഇപ്പോഴത്തെ പോലെ കാര്യങ്ങളും നടത്തും ഉദ്യോഗസ്ഥന്മാരുടെ കാലതാമസം ഒഴിവാക്കുന്നതിനു് അടിക്കടി നിർദ്ദേശങ്ങളും നൽകുന്നുണ്ടു്.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : ഇന്നുള്ള ഈ ഡി. ഈ. ഓ. മാരിൽ അനേകം പേരും പെൻഷൻ നോക്കിയിരിക്കുന്ന 54, 55 വയസ്സിനോടടുത്ത ആളുകളായതുകൊണ്ടാണു് ഇങ്ങനെ കാലതാമസമുണ്ടാകുന്നതെന്നുള്ള വസ്തുതയെ കണക്കിലെടുത്തുകൊണ്ടു് ഒരു ക്ലിപ്തശതമാനം ജോലിചെയ്യാൻ സാമർത്ഥ്യവും പ്രാപ്തിയുമുള്ള ചെറുപ്പക്കാരായ ആളുകളെ നേരിട്ടു ഡി. ഈ. ഓ. മാരായി നിയമിക്കുന്ന കാര്യം ഗവണ്മെൻറു് ശ്രദ്ധിക്കുമോ ?

ശ്രീ. ആർ. ശങ്കർ : അഡ്മിനിസ്ട്രേറീവു് റിഫാമിൽ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ഈ കാര്യവും വരുന്നതാണു്.

ശ്രീ. കെ. കൃഷ്ണപിള്ള : മാനേജരന്മാർ റിപ്പോർട്ട് അയയ്ക്കുന്നതിൽ കാലതാമസം വരുത്തുന്നു. കെ. ഈ. ആർ. പ്രകാരം അങ്ങനെ ഒരു മാസത്തിലധികം കാലതാമസം വരികയാണെങ്കിൽ ഡി. ഈ. ഓ. മാർ സ്വന്തമായ അധികാരം ഉപയോഗിച്ചു് ഇൻക്രിമെൻറു് കൊടുക്കാവുന്നതാണു്. അങ്ങനെ ഏതെങ്കിലും ഡി. ഈ. ഓ. സ്വന്തമായ അധികാരം ഉപയോഗിച്ച ആരുടേയെങ്കിലും ഒരു ഇൻക്രിമെൻറെങ്കിലും സാങ്ഷൻ ചെയ്തിട്ടുണ്ടോ ?

ശ്രീ. ആർ. ശങ്കർ : പ്രത്യേകമായി ചോദിച്ചാലെ പറയുവാൻ നിർവാഹമുള്ളൂ.

ശ്രീ. സി. അച്യുതമേനോൻ : ഡി. ഈ. ഓ. മാരുടെ വീഴ്ചകൊണ്ടു മാത്രം ഇൻക്രിമെൻറു് കൊടുക്കുവാൻ സാധിക്കാതെവന്നിട്ടുള്ളതിൻെറ അടിസ്ഥാനത്തിൽ ഏതെങ്കിലും ഡി. ഈ. ഓ. ശിക്ഷയ്ക്കു വിധേയനായിട്ടുണ്ടോ ? ആരുടെയെങ്കിലും ഒരു ഇൻക്രിമെൻറെങ്കിലും ഇതിൻെറ അടിസ്ഥാനത്തിൽ തടഞ്ഞുവച്ചിട്ടുണ്ടോ ?

ശ്രീ. ആർ. ശങ്കർ : ഡി. ഈ. ഓ. യുടെ വീഴ്ചയാണെന്നു വ്യക്തമായിട്ടു ബോദ്ധ്യപ്പെടുന്നപക്ഷം ആ, ഡി. ഈ. ഓ. യുടെ പേരിൽ ശിക്ഷണനടപടികളും എടുക്കുന്നതിനു മടി കാണിക്കുകയില്ല.

കേരള സംസ്കൃതപണ്ഡിത പരിഷത്തിൻെറ മെമ്മോറാണ്ടം

* 273. [12] ശ്രീ. പി. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്കൃതപണ്ഡിത പരിഷത്തു് മുഖ്യമന്ത്രിക്കു് ഒരു മെമ്മോറാണ്ടം സമർപ്പിക്കുകയുണ്ടായോ ;

(ബി) ഉണ്ടെങ്കിൽ അതിൽ ഉന്നയിച്ച ആവശ്യങ്ങൾ എന്തൊക്കെയാണു് ;

(സി) അവ അനുവദിക്കുവാൻ ഗവണ്മെൻറു് എന്തു നടപടികളും എടുത്തു ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) പ്രസ്തുത പരിഷത്തിൻെറ മെമ്മോറാണ്ടം കിട്ടിയിട്ടില്ല. അഖിലകേരള സംസ്കൃത പരിഷത്തു് ഏതാനും പ്രമേയങ്ങൾ അയച്ചിട്ടുണ്ടു്.

(ബി) ലിസ്റ്റു് മേശപ്പുറത്തു വച്ചിട്ടുണ്ടു് †

(സി) ഇതു പരിഗണനയിൽ ഇരിക്കുന്നു.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഇതിലേയ്ക്കു ഒരു കമ്മിറ്റിയെ വച്ചിരുന്നല്ലോ ആ കമ്മിറ്റിയുടെ റിപ്പോർട്ടു് കിട്ടിയിട്ടുണ്ടോ ? ഉണ്ടെങ്കിൽ അതു പരസ്യപ്പെടുത്താമോ ?

---

‡ Appendix II

LIBRARY ARCHIVES Kerala Legislative Assembly